**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4717** **13-03-2023 - ൽ മറുപടിയ്ക്ക്**

**കടൽത്തീരങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടൽത്തീര ശോഷണവും തീരങ്ങൾ മലിനമാക്കപ്പെടുന്നതും തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | കേരളത്തിന്റെ തീരപ്രദേശം മുൻകാലങ്ങളെ അപേക്ഷിച്ച് അതിരൂക്ഷമായ കടലാക്രമണം-തീരശോഷണം, ഭൗതികവസ്തുവകകളുടെ നാശം എന്നിവ നേരിടുന്നുണ്ട്. അറബിക്കടലിൽ ആവർത്തിച്ച് രൂപംകൊള്ളുന്ന ചുഴലിക്കാറ്റുകൾ തീരശോഷണത്തിന്റെ ആഘാതം വർദ്ധിപ്പിച്ചിട്ടുണ്ട്. തീരപ്രദേശങ്ങൾ സംരക്ഷിത പ്രദേശമാണ് എന്നതിനുപരി ജനസാന്ദ്രത കൂടുതലുള്ള പ്രദേശവുമാണ് എന്നത് കണക്കിലെടുത്ത് വിവിധതരത്തിലുള്ള തീരസംരക്ഷണ പ്രവൃത്തികളാണ് നിലവിൽ നിർവ്വഹിച്ചുവരുന്നത്. കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിൻ) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ അടുക്കിയുള്ള തീരസംരക്ഷണം, തുടങ്ങിയവയാണ് നിലവിലുള്ള പദ്ധതികൾ. എന്നാൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കേരളതീരത്തും സ്വാധീനം ചെലുത്തുന്നുണ്ട്. ആവർത്തിച്ചു രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ശക്തമായ തിരമാലകളും കാറ്റും തീരമേഖലയിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ശക്തമായ തീരശോഷണം സംഭവിക്കുന്ന കേരളതീരത്തെ 10 പ്രദേശങ്ങളെക്കുറിച്ച് പഠിച്ച് തീരസംരക്ഷണ ത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്റ്റ്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടു നിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള |

ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. മൂന്നു പ്രദേശങ്ങളിൽ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

കടലിൽ എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യം മലിനീകരണത്തിന്റെ ഒരു പ്രധാന കാരണമാണ്. വിവിധ സ്രോതസ്സുകളിൽ നിന്ന്, വിവിധതരത്തിലുള്ള പ്ലാസ്റ്റിക് മാലിന്യമാണ് കടലിൽ എത്തിച്ചേരുന്നത്. തീര പ്രദേശത്ത് നേരിട്ട് നിക്ഷേപിക്കുന്നതിൽ കൂടുതൽ അളവിൽ പ്ലാസ്റ്റിക് മാലിന്യം പുഴകളിൽകൂടെയും മറ്റുവിധത്തിലും കടലിൽ എത്തുന്നതായി ഐക്യരാഷ്ട്രസഭയുടെ ഭാഗമായി പ്രവർത്തിക്കുന്ന "യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം" (UNEP) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഖരമാലിന്യത്തോടൊപ്പം, കടലിൽ എത്തിച്ചേരുന്ന ദ്രവമാലിന്യവും ഒരു പ്രധാന പ്രശ്നമാണ്. വ്യവസായശാലകൾ, പോർട്ടുകൾ/ ഹാർബറു കൾ, മത്സ്യ സംസ്കരണ-ശാലകൾ, ടൂറിസ്റ്റ് സെന്ററുകൾ/ റിസോർട്ടുകൾ കാർഷിക പ്രവർത്തനം, ഉൾനാടൻ മത്സ്യകൃഷി, തുടങ്ങിയ മേഖലകളോടൊപ്പം, മത്സ്യബന്ധനം, കപ്പലുകളിൽ നിന്നുള്ള മാലിന്യം, പെട്രോളിയം ഇന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവമൂലവും കടൽ മലിനീകരിക്കപ്പെടുന്നുണ്ട്. ഇന്ത്യയിലെ തീരദേശ മലിനീകരണം കുറയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ 1986-മുതൽ ആരംഭിച്ചിട്ടുണ്ട്. കടലിലേക്ക് 5 കി.മീറ്റർ ഉള്ളിലേക്കുവരെ എത്തിച്ചേരുന്ന മാലിന്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം/ പഠനമാണ് "മോണിറ്ററിംഗ് ഓഫ് ഇന്ത്യൻ കോസ്റ്റൽ വാട്ടേഴ്സ്" എന്ന പ്രോജക്ടിന്റെ ഭാഗമായി "ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യൻ ഡവലപ്മെന്റും കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡും" സംയുക്തമായി നിർവ്വഹിച്ചിരുന്നത്. തുടർന്ന് 1992 മുതൽ "കോസ്റ്റൽ ഓഷ്യൻ മോണിറ്ററിംഗ് ആന്റ് പ്രഡിക്ഷൻ സിസ്റ്റം (COMPAS)' എന്ന പ്രോജക്ടിന്റെ ഭാഗമായി ഇന്ത്യയിലെ 82 തീരകേന്ദ്രങ്ങൾ ഉൾപ്പെടുന്ന തീരമലിനീകരണ പഠനം നടത്തി വരുന്നു. കേരളത്തിലെ കൊച്ചി തീരം ഇതിൽ ഉൾപ്പെടുന്നു. തീരത്തുനിന്ന് 25 കി.മീറ്റർ ഉള്ളിൽ വരെയുള്ള വിവിധമാലിന്യങ്ങളെക്കുറിച്ചാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളിൽ എത്തിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, സൗന്ദര്യവർദ്ധക വസ്തുക്കളിൽ

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന മൈക്രോ ബീഡ്സ്, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവ കൂടുതലായി കടലിൽ എത്തിച്ചേരുകയും കടൽജലത്തിലെ നാനോപ്ലാസ്റ്റിക്/ മൈക്രോ പ്ലാസ്റ്റിക് അളവ് വർദ്ധിക്കുകയും ചെയ്യുന്നതായി പഠനറിപ്പോർട്ടുകളുണ്ട്. ഇതുകൂടി കണക്കിലെടുത്ത് "പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- 2016" കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2018-ൽ അവശ്യമായ ചില മാറ്റങ്ങളും ഈ ചട്ടത്തിൽകൊണ്ടു വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇക്കാര്യത്തിൽ പ്രധാന ചുമതല നൽകിയിട്ടുള്ളത്.<br><br>തീരദേശ പ്ലാസ്റ്റിക് മലിനീകരണം സംബന്ധിച്ച് ഒരു കേന്ദ്രനയം നിലവിലില്ല. എന്നാൽ, തീരദേശ നിയന്ത്രണ ചട്ടത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന "സമഗ്ര തീരദേശ പരിപാലനവും മാനേജ്മെന്റ് പ്ലാനിൽ" ഇത്തരം ഘടകങ്ങൾ കൂടി പരിഗണിക്കാറുണ്ട്. തീരമലിനീകരണം കുറയ്ക്കുന്നതിനുള്ള നിർദ്ദേശവും ഉൾപ്പെടുത്താറുണ്ട്. കൂടാതെ "ഇന്റർനാഷണൽ കോസ്റ്റൽ ക്ലീൻഅപ്പ് ഡേ - സെപ്റ്റംബർ 18-" ന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ തീരപ്രദേശ ങ്ങൾ ശുചിയാക്കുന്ന പ്രവർത്തനം നിർവ്വഹിച്ച് വരുന്നു. സംസ്ഥാനത്ത്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഇക്കാര്യത്തിന് നേതൃത്വം നൽകുന്നത്. |
| (ബി) | തീരം സംരക്ഷിക്കാത്തത് കടലിലെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിലുള്ള ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC) ന്റെ വിവിധ റിപ്പോർട്ടുകൾ സമുദ്രജലനിരപ്പ് ഉയരുന്നതിനുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ഓരോ രാജ്യത്തെയും/ പ്രദേശത്തെയും അത് എങ്ങനെ സ്വാധീനിക്കും എന്നതും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റുകളുടെ എണ്ണത്തിലും/ സ്വാധീനത്തിലും വർദ്ധനവുണ്ടാകാമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം, ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങളും ഇത്തരം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് തീരദേശവുമായി ബന്ധപ്പെട്ട വിവരശേഖരണം ശക്തിപ്പെടുത്തി, തീരസംരക്ഷണ മാർഗ്ഗങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചെന്നൈ |

| | | | |
|---|---|---|---|
| | | | ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി ധാരണാപത്രം ഒപ്പിടുകയും, NCCR തീരങ്ങളുടെ preliminary study നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തിരഞ്ഞെടുത്ത 10 ഹോട്സ്പോട്ടുകളിൽ പഠനം നടത്തി വരുന്നുണ്ട്. ഒപ്പം പരിസ്ഥിതിക്കിണങ്ങുന്ന തീരസംരക്ഷണ മാർഗ്ഗമായ കണ്ടൽചെടി വച്ചുപിടിപ്പിക്കാൻ സാധിക്കുന്നിടത്ത്, തീരഭിത്തിയോടൊപ്പം അവയും വളർത്തി തീരം സംരക്ഷിക്കുന്നതിനുള്ള പരീക്ഷണപദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്, മാത്രവുമല്ല തീരസംരക്ഷണത്തിൽ താല്പര്യമുള്ള വിവിധ ഏജൻസികൾ/ വ്യക്തികൾ എന്നിവരുടെ നൂതന ആശയങ്ങളും വകുപ്പ് പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ